ഹരിതകേരളം മിഷൻ
കേരളസർക്കാർ

## പ്രസിദ്ധീകരണത്തിന്

29.07.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം
## വാർഡുതല പരിശീലനം ആരംഭിച്ചു

സംസ്ഥാന ഹരിതകേരളം മിഷന്റെ സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ യജ്ഞത്തിന്റെ ഭാഗമായി ആഗസ്റ്റ് 15 നു തുടങ്ങുന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പരിപാടിക്കു മുന്നോടിയായി വാർഡുതല പരിശീലന പരിപാടികൾക്ക് തുടക്കമായി. വിവിധ തലങ്ങളിലായി സംഘടിപ്പിച്ച പരിപാടിയിൽ ഏറ്റവും പ്രാധാന്യമേറിയതും സൂക്ഷ്മതല സ്പർശിയുമാണ് വാർഡുതല പരിശീലന പരിപാടി. കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി ടീച്ചർമാർ, ആശാവർക്കർ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, റിട്ട. ജീവനക്കാർ തുടങ്ങിയവരാണ് ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. ഇവരാണ് വോളണ്ടിയർമാരായി വിവരശേഖരണത്തിനും ബോധവൽക്കരണ പ്രവർത്തനത്തിനുമായി ആഗസ്റ്റ് 6 മുതൽ 13 വരെ തീയതികളിൽ ഓരോ വീട്ടിലും സന്ദർശനം നടത്തുന്നത്. 50 വീടുകൾക്ക് രണ്ടു പേരെ വീതം വോളണ്ടിയർമാരായി ചുമതലപ്പെടുത്തും.

ഈ മാസം 2 നു പൂർത്തിയാകുന്ന വാർഡുതല പരിശീലനം കഴിഞ്ഞാൽ ഇവരുടെ യോഗം ഈ മാസം 5 ന് വിളിച്ചു ചേർക്കും. വോളണ്ടിയർമാരുടെ ഗൃഹസന്ദർശനവേളയിൽ നൽകാനുള്ള ലഘുലേഖകൾ, അവസ്ഥാ നിർണ്ണയ പഠന രേഖ എന്നിവ യോഗത്തിൽ വോളണ്ടിയർമാർക്ക് വിതരണം ചെയ്യും. കിലയുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തുന്ന ചടങ്ങിനു ശേഷം മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനം നടത്തുന്നതോടെ കേരളം സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കുകയെന്ന മഹാ ലക്ഷ്യത്തിനുള്ള യജ്ഞത്തിനു തുടക്കമാകും. 15 നും 16 നും ജനപ്രതിനിധികൾ ഉൾപ്പെടുന്ന സംഘം ഭവനസന്ദർശനവും ബോധവൽക്കരണവും നടത്തും.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
വേണ്ടി

ഡോ. ആർ. അജയകുമാർ വർമ്മ
സാങ്കേതിക ഉപദേഷ്ടാവ്

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം – 695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in

61.CF. A4.2017